മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർട്ടിൻ

നാലാം ക്വാർട്ടർ
(ഒക്ടോബർ, നവംബർ, ഡിസംബർ)
2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം


1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) ........................................ 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) ........................................ 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) ........................................ 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) ........................................ 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) ........................................ 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) ........................................ 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) ........................................ 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) ........................................ 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) ........................................ 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) ........................................ 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) ........................................ 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) ........................................ 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22–28) ........................................ 109.

പാഠം 7

# ഭിന്നതകൾ ഉണ്ടാകുമ്പോൾ

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** അ.പ്ര.6:1–6; അ.പ്ര.10:1–23; മത്താ.5:17–20; അ.പ്ര.11:3–24; അ.പ്ര.15:1–22; ആമൊ.9:11, 12.

**മനഃപാഠവാക്യം: "ക്രിസ്തുവിനോടു ചേരാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല ആണും പെണ്ണുമെന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ" (ഗലാ.3:27,28).**

സഭയുടെ വ്യക്തിത്വത്തെക്കുറിച്ചും ദൗത്യത്തെക്കുറിച്ചുമുള്ള വിഷയങ്ങളിൽ അഭിപ്രായ ഭിന്നതകളുണ്ടാകുമ്പോൾ ഐക്യം കാത്തുസൂക്ഷിക്കുക ഏതൊരു ക്രിസ്തീയ സമൂഹവും നേരിടുന്ന ഏറ്റവും വലിയ ദൗത്യമാണ്. ഭിന്നതകൾ അതിവിനാശകരമായ പ്രത്യാഘാതങ്ങളിലേക്കു നയിച്ചേക്കാം.

പുതിയ നിയമത്തിൽ കാണുന്നതിൽ നിന്നും വ്യത്യസ്തമൊന്നുമല്ല ഇന്നത്തെ ക്രൈസ്തവ സമൂഹങ്ങൾ. ജനം ജനമാണ്, പ്രധാന കാര്യങ്ങളിൽ പോലും വ്യത്യാസങ്ങൾ വരും. ആദിമ ക്രൈസ്തവർ വ്യക്തിപരമായ മുൻവിധികളിൽ നിന്നും ഉയരുന്ന ഭിന്നതകൾ അഭിമുഖീകരിച്ചു. സുപ്രധാന പഴയനിയമ കഥകളും ആചാരങ്ങളും വ്യാഖ്യാനിക്കുന്നതിലും അവർ ഭിന്നത നേരിട്ടു. ഈ ഭിന്നിപ്പുകൾ സഭയെ ശൈശവാവസ്ഥയിൽ തന്നെ തകർത്തുകളയുമായിരുന്നു. പരിശുദ്ധാത്മാവിന്റെ മാർഗ്ഗദർശ്ശനവും ആകുലതകളെ നേരിടാൻ സുവിശേഷത്തിൽ ആശ്രയിച്ച അപ്പൊസ്തലന്മാരും നേതാക്കളുമാണ് അതിനെ തടഞ്ഞത്.

ആദിമസഭ സഭൈക്യം അനുഭവിച്ചതെങ്ങനെയെന്ന് ഏതാനം ആഴ്ച മുമ്പ് നമ്മൾ പഠിച്ചു. സഭയുടെ ഐക്യത്തെയും നിലനിൽപ്പിനെ തന്നെയും തകർക്കാൻ പോന്ന ഉൾപ്പോരുകളെ ആദിമസഭ എങ്ങനെ പരിഹരിച്ചു എന്ന് ഈയാഴ്ച പഠിക്കാം. എന്തായിരുന്നു ഈ പോരുകൾ, അവ എങ്ങനെ പരിഹരിക്കപ്പെട്ടു, ആ അനുഭവങ്ങളിൽ നിന്ന് ഇന്നു നമുക്കെന്തു പഠിക്കാം?

**ഞായർ** **നവംബർ 11**

### വംശീയ മുൻവിധികൾ

**അപ്പൊസ്തല പ്രവർത്തികൾ 6:1 വായിക്കുക. വിധവകൾക്കുള്ള ഭക്ഷണവിതരണം നീതിയുക്തവും തുല്യവുമല്ലായിരുന്നുവെന്ന് പരാതിപ്പെടാൻ ആദിമസഭയിൽ ഉണ്ടായ കാരണമെന്തായിരുന്നു?**

ആദിമസഭയിലെ ചിലർ ഗ്രീക്കു വിധവകളെ മുൻവിധിയോടെ കാണുകയും അവർക്ക് എബ്രായ വിധവകൾക്ക് നൽകുന്നതിനെക്കാൾ കുറവ് ഭക്ഷണം നൽകുകയുമുണ്ടായി. മുൻവിധിയോടെയുള്ള ഈ സ്വജനപക്ഷപാതം ആദ്യകാല വിശ്വാസികൾക്കിടയിൽ പിളർപ്പുണ്ടാക്കി. പക്ഷം ചേരൽ യഥാർത്ഥമോ എന്ന് വചനം പറയുന്നില്ല. ചിലർ അങ്ങനെ വിശ്വസിച്ചു എന്നു മാത്രമാണ് പറയുന്നത്.

തുടക്കത്തിൽ തന്നെ ഈ കലഹം സഭൈക്യത്തെ ഭീഷണിയിലാഴ്ത്തി. എത്ര പെട്ടെന്നാണ് ഇത്തരമൊരു വംശീയ വ്യത്യാസം സഭയിലുണ്ടായതെന്നത് ആശ്ച ര്യമാണ്.

**അപ്പൊസ്തല പ്രവർത്തികൾ 6:2-6 വായിക്കുക. ഈ തെറ്റിദ്ധാരണ മാറ്റാൻ ആദിമ സഭ എടുത്ത ലളിതമായ തീരുമാനങ്ങൾ എന്തായിരുന്നു?**

ആദിമസഭ പെട്ടെന്ന് വളർന്നു. അപ്പൊസ്തലന്മാർക്ക് വർദ്ധിച്ച ഭാരം വന്നു. "ഡീക്കന്മാർ" എന്ന ഏഴുപേരുടെ നിയമനം (പുതിയ നിയമം അങ്ങനെ വിളിക്കു ന്നില്ലെങ്കിലും) യെരുശലെം സഭയിലെ കുഴപ്പങ്ങൾ ശമിപ്പിച്ചു. ശുശ്രൂഷകളിൽ കൂടു തൽ പേരെ പങ്കെടുക്കാനും അനുവദിച്ചു.

ഗ്രീക്കുഭാഷ സംസാരിക്കുന്നവരുടെ പരാതികൾ അപ്പൊസ്തലന്മാർ ശ്രദ്ധയോടെ കേട്ടു. അവരോടു തന്നെ പരിഹാരം ആരാഞ്ഞു. അപ്പൊസ്തലന്മാരുടെ സഹായി കളായി ഏഴു പേരെ തിരഞ്ഞെടുക്കാൻ അവരോടാവശ്യപ്പെട്ടു. അവർ ഏഴു ശിഷ്യ ന്മാരെ ശുപാർശ ചെയ്തു, എല്ലാവരും ഗ്രീക്കുകാരും. ഈ പുരുഷന്മാരോ "ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള"വരും ആയിരുന്നു (അ. പ്ര.6:3). അന്നുവരെ സുവിശേഷം അറിയിക്കുകയും വിധവകൾക്ക് ഭക്ഷണം വിത രണം ചെയ്യുകയുമായിരുന്നു അപ്പൊസ്തലന്മാരുടെ സുവിശേഷ വേല. അത് രണ്ട് വിഭാഗമായി തിരിഞ്ഞു. രണ്ടും സുവിശേഷ ഘോഷണത്തിന് തുല്യപ്രാധാന്യമുള്ള വേലകളാണ് ചെയ്തത്. അപ്പൊസ്തലന്മാരുടെ സുവിശേഷവേലയെയും (അ.പ്ര.6:4) ഡീക്കന്മാരുടെ ഭക്ഷണവിതരണത്തെയും (അ.പ്ര.6:1) സൂചിപ്പിക്കുന്നതിന് ലൂക്കൊസ് ഒരേ വാക്കു തന്നെ ഉപയോഗിക്കുന്നു, "സുവിശേഷവേല" അഥവാ "ശുശ്രൂഷ" (ഡയകോണിയ).

**ഒരു പരിഹാരം കണ്ടെത്തുന്നതിന് അനേകം വിശ്വാസികളെ ഒരുമിച്ചു ചേർത്തതിന്റെ (അ.പ്ര.6:2) പ്രാധാന്യം എന്താണ്?**

**തിങ്കൾ** **നവംബർ 12**

### ജാതികളുടെ പരിവർത്തനം

ക്രിസ്തുവിന്റെ സുവിശേഷത്തിലേക്ക് ജാതികളുടെ പരിവർത്തനം അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിലെ ഒരു വലിയ സംഭവമാണ്. ആദിമസഭയുടെ പ്രയാ ണത്തിൽ വലിയ പ്രശ്നത്തിനു വേദിയായ സംഭവം. സഭാനിലനിൽപിനെയും ദൗത്യത്തെയും അപകടത്തിലാക്കിയ സംഭവം.

**അ.പ്ര.10:1-23 വായിക്കുക. ജാതികൾ സുവിശേഷം സ്വീകരിക്കാനായി പലരു ടെയും ഹൃദയത്തിൽ പരിശുദ്ധാത്മാവു പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നതിന് എന്തൊക്കെ ഘടകങ്ങളാണ് ഈ ഭാഗത്തുള്ളത്?**

ആ ദർശനം പത്രൊസിന് വളരെ വിചിത്രമായി തോന്നിയിരിക്കാം. അദ്ദേഹം ശരിക്കും ഞെട്ടി. വിശ്വസ്തനായ യഹൂദനെന്ന നിലയിൽ കല്പന അനുസരിച്ച് (ലേവ്യ.11, യെഹ.4:14, ദാനി.1:8 കാണുക) അന്നുവരെ വൃത്തിഹീനമായതൊ

മലിമായതോ ഒന്നും കഴിച്ചിട്ടില്ലായിരുന്നു. എന്നാലോ ആ ദർശനം ഭക്ഷണത്തെക്കുറിച്ചായിരുന്നില്ല. സുവിശേഷ വ്യാപനം തടയുന്ന തരത്തിൽ യഹൂദന്മാർക്കും ജാതികൾക്കും ഇടയിലെ തടസ്സങ്ങളെക്കുറിച്ചായിരുന്നു. പൗരാണിക കാലത്തുണ്ടായിരുന്നതും ഇന്നുള്ളതുമായതു പോലത്തെ തടസ്സങ്ങൾ.

ആദ്യ ദശകത്തിൽ പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായി യേശുക്രിസ്തുവിനെ സ്വീകരിച്ച യഹൂദന്മാർ മാത്രമായിരുന്നു സഭയിലുണ്ടായിരുന്നത്. ഈ ആദ്യകാല വിശ്വാസികൾ തങ്ങൾ പഠിച്ച പ്രകാരമുള്ള കല്പനകൾ വിശ്വസ്തതയോടെ പാലിക്കുന്നവരായിരുന്നു. യേശുക്രിസ്തുവിന്റെ സുവിശേഷം പഴയനിയമ നിർദ്ദേശങ്ങൾ മായ്ച്ചുകളഞ്ഞുവെന്നോ നിർത്തലാക്കിയെന്നോ അവർ ചിന്തിച്ചില്ല (മത്താ.5:17-20 കാണുക).

**അപ്പൊസ്തല പ്രവൃത്തികൾ 10:28,29,34,35 വായിക്കുക. പത്രൊസ് യോപ്പയിൽ കണ്ട ദർശനത്തിന്റെ അർത്ഥം എങ്ങനെ മനസ്സിലാക്കി? അതന്റെ വ്യാഖ്യാനത്തിലേക്ക് അദ്ദേഹത്തെ നയിച്ചതെന്താണ്?**

അപ്പൊസ്തല പ്രവൃത്തികളിൽ നമ്മൾ കാണുന്നതെന്തെന്നാൽ പരിശുദ്ധാത്മാവ് ജാതികളെ ക്രിസ്തീയ കൂട്ടായ്മയിലേക്ക് സ്വീകരിക്കുവാനുള്ള വഴികൾ ഒരുക്കിയിരുന്നു. പരിച്ഛേദന ഏൽക്കാതെയും ആദ്യം തന്നെ യഹൂദന്മാരാകാതെയും ഇതു ചയ്യുവാൻ അവസരം വന്നുചേർന്നു. പത്രൊസും സുഹൃത്തുക്കളും ഇത് ദൈവഹിതമാണെന്ന് എങ്ങനെ മനസ്സിലാക്കി? പെന്തക്കൊസ്തു നാളിൽ ശിഷ്യന്മാർ അനുഭവിച്ചതുപോലൊന്ന് കൊർണ്ണേലിയൊസിൻമേലും അവന്റെ ഭവനത്തിന്മേലും സംഭവിച്ചു (അ.പ്ര. 10:44-47). യഹൂദർക്കു നൽകിയതുപോലെ പരിശുദ്ധാത്മാവിനെ ജാതികൾക്കും നൽകാമെങ്കിൽ മശിഹായായ യേശുകർത്താവിൽ വിശ്വസിക്കാൻ പരിച്ഛേദനയേൽക്കണമെന്നില്ല എന്ന കാര്യം അവർക്ക് വ്യക്തമായി മനസ്സിലായി. ഈ തിരിച്ചറിവും തീരുമാനവും ആദിമ ക്രൈസ്തവ സഭയ്ക്കിടയിൽ വലിയ ആത്മീയ വേർതിരിവിനിടയാക്കി.

**ചൊവ്വ** **നവംബർ 13**

## ആത്മാവു നയിക്കുന്നു

കൈസര്യയിൽ കൊർണ്ണേല്യൊസിന്റെയടുക്കൽ സംഭവിച്ചതിന്റെ വാർത്തകൾ യെരുശലെം സഭാനേതാക്കളുടെ അടുത്തെത്തി. അവർ പത്രൊസിനോട് എന്താണ് സംഭവിച്ചതെന്നറിയിക്കാനാവശ്യപ്പെട്ടു. പത്രൊസ് ചെയ്തതിനോട് അനുകൂലിക്കാൻ അവർക്കായില്ല. മോശയുടെ നിയമം യഹൂദർ പഠിച്ചതനുസരിച്ച് ജാതികൾക്കൊപ്പമിരുന്ന് ഭക്ഷിപ്പാൻ അനുവാദമില്ലായിരുന്നു (അ.പ്ര.11:3).

**അ.പ്ര.11:4-18 വായിക്കുക. ഈ സംഭവത്തിൽ പരിശുദ്ധാത്മ നടത്തിപ്പ് വിവരിക്കാൻ പത്രൊസ് എന്തു പറഞ്ഞു? സംഭവിച്ചത് ഒന്നുകൂടി വിവരിച്ച് അദ്ദേഹം എന്തു പ്രധാന കാര്യം പറയാനാണ് ശ്രമിച്ചത്?**

പത്രൊസിന്റെ പ്രവൃത്തികളെയും ജാതികളെ സ്നാനം കഴിപ്പാനുള്ള തീരുമാനത്തെയും ചിലർ ചോദ്യം ചെയ്തെങ്കിലും പെന്തക്കൊസ്തു ദിനത്തിലെന്ന പോലെ

പരിശുദ്ധാമാവിന്റെ സാന്നിദ്ധ്യം ഇറങ്ങിയെന്ന് ധാരാളം സാക്ഷികൾ സ്ഥിരീകരിച്ചു (അ.പ്ര.11:12). ഇക്കാര്യത്തിലെ പരിശുദ്ധാത്മാവിന്റെ നിയന്ത്രണവും നടത്തിപ്പും ആർക്കും ആക്രമിക്കാനാവാത്തതും ഫലം ഉറപ്പുമായിരുന്നു. "അവർ ഇത് കേട്ട പ്പോൾ മിണ്ടാതിരുന്നു: അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തി ക്കായി മാനസാന്തരം നൽകിയല്ലോ എന്ന് പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി" (അ.പ്ര. 11:18).

**അ.പ്ര. 11:19-24. ആദിമസഭാചരിത്രത്തിൽ പിന്നീട് എന്തു സംഭവിച്ചു?**

കൊർണ്ണെല്യൊസിനും അവന്റെ ഭവനത്തിനും സംഭവിച്ചത് അപൂർവ്വകാര്യമാ ണെന്നും അത് ആവർത്തിക്കില്ലെന്നും യെരുശലെമിലെ ചിലർ പക്ഷേ കരുതിയിരിക്കും. എന്നാൽ പരിശുദ്ധാത്മാവ് ഉദ്ദേശിച്ചത് അതല്ല. സ്തെഫാനൊ സിന്റെ രക്തസാക്ഷിത്വത്തിനു (അ.പ്ര.8:1) ശേഷം ശിഷ്യന്മാർ യെരുശലെമിനും യൂദയായ്ക്കപ്പുറത്തേക്കും ചിതറിപ്പോയി. ശമര്യ, ഫൊനീഷ്യ, സൈപ്രസ്, അന്ത്യോക്യ പോലുള്ള പട്ടണങ്ങളിലെത്തി; അതിനാൽ ധാരാളം ജാതികൾ യേശു വിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കാനിടയായി. ഇതാണ് യേശു പ്രവചിച്ചിരു ന്നത് (അ.പ്ര.1:8). ജാതികളുടെ ഈ ഒഴുക്ക് മനോഹരമായിരുന്നു. എന്നാലോ അന്നത്തെ യഹൂദരുടെ സ്ഥാനത്ത് നമ്മളെ സങ്കൽപിച്ചു നോക്കാം. ഇതിനോട് പ്രതികരിക്കാൻ അവർ ശങ്കിച്ചതെന്തെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടേണ്ടി വരില്ല.

**സാക്ഷ്യമില്ലാതാക്കി കളയുന്ന സഭയുടെ ചില ശുഷ്കിച്ച കാഴ്ചപ്പാടുകളോടും ദൂതുകളോടും എന്ത് നിലപാടെടുക്കണം?**

**ബുധൻ** **നവംബർ 14**

## യെരുശലെം കൗൺസിൽ

**അ.പ്ര.15:1,2 ഗലാ.2:11-14 വായിക്കുക. ആദിമസഭയിൽ വലിയ കലക്കമുണ്ടാ ക്കിയ രണ്ട് വിഷയങ്ങൾ എന്തായിരുന്നു?**

ആദിമസഭാ ഐക്യത്തിനു ആദ്യകാല ക്രൈസ്തവർ നേരിട്ട വെല്ലുവിളി യഥാർത്ഥവും കഠിനവുമായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട വാഗ്ദത്ത ജനത്തിൽപ്പെട്ട വർ മാത്രമേ രക്ഷ പ്രാപിക്കൂ എന്ന് ചില യഹൂദ ക്രിസ്ത്യാനികൾ വിചാരിച്ചു. പരി ച്ഛേദന അനിവാര്യമെന്നും ചിന്തിക്കുവാൻ അതു കാരണമായി. വിശ്വാസത്തിനനു യോജ്യമായി ജീവിച്ച യഹൂദ ക്രൈസ്തവർ രക്ഷ നഷ്ടപ്പെട്ടു പോകാതിരിക്കാൻ ജാതികളുമായി യാതൊരു ബന്ധവും പുലർത്തിയില്ല.

ജാതികളുമായി ബന്ധപ്പെടാതിരിക്കാൻ യഹൂദർക്ക് കടുത്ത പാരമ്പര്യങ്ങളുണ്ടാ യിരുന്നു. യേശുവിന്റെ അനുയായികളാകാൻ തയ്യാറായ ജാതികളിലേക്ക് അപ്പൊ സ്തലന്മാർ കടന്നുചെല്ലാൻ തുടങ്ങിയപ്പോൾ നവക്രൈസ്തവ സമൂഹത്തിന് ഇത്തരം പാരമ്പര്യങ്ങൾ വിലങ്ങുതടിയായി. കാരണം പഴയനിയമ പ്രകാരം തിര ഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മാത്രം രക്ഷകനാണ് മശിഹ. അങ്ങനെയെങ്കിൽ ജാതി കൾ ആദ്യം യഹൂദരായിട്ടല്ലേ അതേ കല്പനകൾ അനുസരിച്ച് രക്ഷ പ്രാപിക്കാൻ സാധിക്കുകയുള്ളൂ?

**അ.പ്ര. 15:3–22 വായിക്കുക. യെരുശലെം കൗൺസിലിൽ സൂചിപ്പിച്ച ചില പ്രശ്ന ങ്ങൾ എന്തൊക്കെ?**

പരിച്ഛേദനയും ജാതികളുമായുള്ള ബന്ധവുമായി ബന്ധപ്പെട്ട പഴയ നിയമ കഥ കളുടെ വ്യാഖ്യാനത്തിന്മേലുള്ള തർക്കമാണ് ഇവിടെ സജീവമായത്. അപ്പൊസ്ത ലന്മാരും മൂപ്പന്മാരും അന്ത്യോക്യയിൽ നിന്നുള്ള പ്രതിനിധികളും ഒരുമിച്ചിരുന്നെ ങ്കിലും തീരുമാനങ്ങളിലെത്താനാവാതെ ചർച്ച അനന്തമായി നീണ്ടു.

എന്നാൽ അപ്പോൾ പത്രൊസും ബർണ്ണബാസും പൗലൊസും പ്രസംഗിച്ചു. സുവി ശേഷം ജാതികളിലേക്ക് എത്തിക്കാനിടയാക്കിയ ദൈവീക ദർശനവും പരിശുദ്ധാത്മ കൃപാവരവർഷവും ആയിരുന്നു പത്രോസിന്റെ പ്രസംഗ വിഷയം. പിന്നീട് പൗലൊസും ബർണ്ണബാസും അവരിലൂടെ ദൈവം ജാതികളുടെ ഇടയിൽ ചെയ്തത് വിവരിച്ചു. തത്ഫലമായി അനേകം കണ്ണുകൾ പുതിയ സത്യത്തിലേക്ക് തുറക്കപ്പെട്ടു. പത്രൊസ് പറഞ്ഞു: "കർത്താവായ യേശുവിന്റെ കൃപയാൽ അവർ; അതായതു ജാതികൾ, രക്ഷപ്രാപിക്കുന്ന അതേ വിധം നാമും രക്ഷ പ്രാപിക്കണമെന്നു ഞങ്ങൾ വിശ്വസിക്കുന്നു" (അ.പ്ര. 15:11). സുവിശേഷ വെളിച്ചത്തിൽ നൂറ്റാണ്ടുകളുടെ പഴ ക്കമുള്ള പാരമ്പര്യങ്ങളാണ് കെട്ടഴിഞ്ഞുവീണത്.

**അന്ധമായി വിശ്വസിച്ചിരുന്ന എന്തെങ്കിലും ഒരു കാര്യം അങ്ങനെയായിരുന്നില്ല എന്ന് എപ്പൊഴെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൽ നിന്ന് എന്ത് പാഠം പഠിച്ചു? ഇനിയും നിങ്ങളുടെ വിശ്വാസം ചോദ്യം ചെയ്യപ്പെടുന്ന സന്ദർഭം ഉണ്ടായാൽ എങ്ങനെ പ്രതികരിക്കും?**

**വ്യാഴം** **നവംബർ 15**

## ഒരു കഠിനമായ പരിഹാരം

അന്ത്യോക്യയിലുള്ള സഭയിൽ നിന്ന് അവരുടെ ഭിന്നതയ്ക്ക് ഏറ്റവും ഉത്തമ മായ പരിഹാരം തേടിക്കൊണ്ട് യെരുശലെമിലേക്ക് പ്രതിനിധികളെ അയക്കാൻ ഒരു പ്രത്യേക നിശ്ചയദാർഢ്യം വേണ്ടി വന്നു. ഏതായാലും അപ്പൊസ്തലന്മാരും മൂപ്പന്മാരും തമ്മിൽ മണിക്കൂറുകൾ നീണ്ട ചർച്ചയ്ക്കൊടുവിൽ ഒരു തീരുമാനമു ണ്ടായി. ആ സഭയുടെ അദ്ധ്യക്ഷനായിരുന്ന, യേശുവിന്റെ സഹോദരൻ, യാക്കോബ് ഇനി എന്താണ് ചെയ്യേണ്ടതെന്ന തീരുമാനം അറിയിച്ചു (അ.പ്ര.15:13–20). ജാതികൾക്ക് ക്രിസ്ത്യാനിയാവാൻ പരിച്ഛേദന ഉൾപ്പെടെയുള്ള യാതൊരുവിധ പാരമ്പര്യങ്ങളും അനുഷ്ടിച്ച് യഹൂദരാവേണ്ടതില്ലെന്ന് ആ സഭ വ്യക്തമായി തീരുമാനിച്ചു.

**ആമൊസ് 9:11,12; യിരെമ്യാവ് 12:14–16 വായിക്കുക. ഇസ്രായേലിന്റെ അയൽ രാജ്യങ്ങളെക്കുറിച്ച് ഈ പഴയനിയമകാല പ്രവാചകന്മാർ എന്താണ് പ്രവചിച്ചത്?**

ആമൊസ് 9–ൽ നിന്ന് യാക്കോബ് ഉദ്ധരിക്കുമ്പോൾ ലോകരാഷ്ട്രങ്ങളുടെ രക്ഷ യെക്കുറിച്ച് മറ്റ് പഴയനിയമ പ്രവാചകന്മാരുടെ പരോക്ഷസൂചന നാം കാണുന്നു. ഇസ്രായേലിന്റെ സാക്ഷ്യത്തിലൂടെയും അനുഭവത്തിലൂടെയും ലോകത്തെ മുഴു വൻ രക്ഷിക്കാനുള്ള പദ്ധതി എക്കാലവും ദൈവത്തിനുണ്ടായിരുന്നു. അതായത്

ദൈവം അബ്രാഹാമിനെ വിളിച്ചപ്പോൾ അവനിലൂടെയും തലമുറകളിലൂടെയും സകല രാഷ്ട്രങ്ങൾക്കുമായിട്ടുള്ള ഒരനുഗ്രഹം അതിലുൾപ്പെട്ടിരുന്നു (ഉല്.12:1-3). പരിശുദ്ധാത്മാവിന്റെ നടത്തിപ്പ്, പത്രൊസ്, ബർന്നബാസ്, പൗലൊസ് എന്നിവരുടെ ജാതികൾക്കിടയിലെ സുവിശേഷവേല, അനേകം ജാതികളുടെ മാനസാന്തരം ഇവയൊന്നും തന്നെ തള്ളിക്കളയാനാവാത്ത തെളിവുകളാണ്. പല പഴയനിയമ പ്രവചനങ്ങളും ഇപ്പോൾ നിറവേറുകയാണെന്ന് മനസ്സിലാക്കാൻ യെരുശലെം ക്രിസ്തീയ സമൂഹനേതാക്കളെ ഈ സാക്ഷ്യങ്ങൾ സഹായിച്ചു. യഥാർത്ഥത്തിൽ, ദൈവം ആദ്യമേ തന്നെ ഇസ്രായേലിൽ ജാതികളുടെ സാന്നിദ്ധ്യത്തിനും അവരുടെമേലുള്ള നിയന്ത്രണങ്ങളെന്താണെന്നതിനെക്കുറിച്ചും നിയമങ്ങൾ നൽകിയിരുന്നു (ലേവ്യപുസ്തകം 17, 18). യാക്കോബ് തന്റെ തീരുമാനത്തിൽ ഈ നിയമങ്ങളെക്കുറിച്ചും സൂചന നൽകിയിരുന്നു (അ.പ്ര.15:29). തന്റെ ജനത്തോട് ചേർന്ന് യേശുക്രിസ്തുവിൽ രക്ഷ സ്വീകരിക്കാൻ അവൻ ജാതികളെ വിളിക്കുകയാണെന്ന് സകലർക്കും വ്യക്തമായി. വചനം ആഴത്തിൽ മനസ്സിലാക്കാൻ പരിശുദ്ധാത്മ നടത്തിപ്പ് സഹായിച്ചു. അവരിന്നുവരെ കാണാത്ത സത്യങ്ങളും വെളിപ്പെട്ടു.

അ. പ്ര.15:30-35 വാക്യങ്ങൾ യെരുശലെമിലെടുത്ത ഈ തീരുമാനത്തോട് അന്ത്യോക്യയിലെ വിശ്വാസികളുടെ പ്രതികരണം: “അവർ ഈ ആശ്വാസവചനം വായിച്ചു സന്തോഷിച്ചു” (അ.പ്ര. 15:31).

ആദിമ സഭ എങ്ങനെയായിരുന്നു എന്ന ഉത്തമ ഉദാഹരണമാണ് അപ്പൊസ്തല പ്രവൃത്തികളിൽ കാണുന്നത്. അവർ ദൈവവചനത്തിന് കീഴടങ്ങി. സ്നേഹം, ഐക്യം, വിശ്വാസം മനസ്സിൽ നിറച്ച് പരിശുദ്ധാത്മ നടത്തിപ്പിന് കീഴടങ്ങിയപ്പോൾ, ഐക്യം തകർത്തെറിയാൻ പോന്ന പ്രശ്നത്തെ ഇല്ലാതാക്കാൻ അവർക്കു കഴിഞ്ഞു.

**നമ്മൾ കേൾക്കാൻ ആഗ്രഹിക്കുന്ന കാര്യമായിരിക്കില്ല മറ്റുള്ളവർ ചിലപ്പോൾ പറയുന്നത്. കേട്ടാൽ മാത്രം പോര അവർ പറയുന്നത് ശരിയോ എന്നു കൂടി പരിഗണിക്കാൻ നാം തയ്യാറാകണം. മേൽവിവരിച്ച സംഭവത്തിൽ നിന്ന് ഇക്കാര്യത്തിന് എത്രമാത്രം പ്രാധാന്യമാണ് നൽകേണ്ടത്?**

**വെള്ളി** **നവംബർ 16**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, “എ സീക്കർ ഫോർ ട്രൂത്ത്”, പേജ് 131-142, “ജ്യൂ ആൻഡ് ജെന്റൈൽ” പേജ് 188-200, ആക്റ്റ്സ് ഓഫ് ദി അപ്പൊസൽസിൽ നിന്ന്.*

“ഈ വിഷയത്തിൽ തീരുമാനമെടുത്ത കൗൺസിലിൽ യഹൂദരുടെയും ജാതികളുടെയും ഇടയിലെ ക്രിസ്തീയ സഭകളെ വളർത്തിക്കൊണ്ട് വന്നതിൽ പ്രമുഖ പങ്കു വഹിച്ച അപ്പൊസ്തലന്മാരും അധ്യാപകരും വിവിധ സ്ഥലങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഉണ്ടായിരുന്നു. യെരുശലെമിലെ മൂപ്പന്മാരും അന്ത്യോക്യയിലെ പ്രതിനിധികളും ഉണ്ടായിരുന്നു. ഏറ്റവും സ്വാധീനമുള്ള സഭകളും പ്രതിനിധീകരിക്കപ്പെട്ടിരുന്നു. പ്രബുദ്ധ തീരുമാനങ്ങളുടെ

ആജ്ഞകൾക്കൊത്തും ദിവ്യ ഇഷ്ടത്താൽ സ്ഥാപിതമായ ഒരു സഭയുടെ അന്തസ്സോടും കൂടിയാണ് കൗൺസിൽ മുന്നോട്ടു നീങ്ങിയത്. അവധാനതയോടെയുള്ള ചർച്ചകൾക്കൊടുവിൽ ഒരു കാര്യം അവർക്ക് മനസ്സിലായി. ജാതികൾക്കുമേൽ പരിശുദ്ധാത്മാവിനെ പകർന്നുകൊണ്ട് ദൈവം തന്നെയാണ് അവർ ചർച്ച ചെയ്തുകൊണ്ടിരുന്ന വിഷയത്തിന്മേൽ ഉത്തരം നൽകിയത്. പരിശുദ്ധാത്മാവിനെ അനുസരിക്കുക എന്നതു മാത്രമാണ് ചെയ്യാനുള്ളതെന്ന് അവർ തിരിച്ചറിഞ്ഞു.

"എല്ലാ ക്രൈസ്തവരെയും ഈ ചോദ്യത്തിന് മേൽ വോട്ടു ചെയ്യാൻ വിളിച്ചില്ല. 'അപ്പൊസ്തലന്മാരും മൂപ്പന്മാരും', സ്വാധീനവും തീർപ്പുമുള്ള ഇവരാണ് ഉത്തരവ് തയ്യാറാക്കി പുറപ്പെടുവിച്ചത്. അത് പിന്നീട് ക്രിസ്തീയ സഭകൾ പൊതുവായി സ്വീകരിക്കുകയായിരുന്നു. എന്നാൽ സ്വയാശ്രയികളും അതിമോഹികളുമായ ഒരു വിഭാഗം തീരുമാനത്തോടു വിയോജിച്ചു. ഇവർ സ്വന്ത ഇഷ്ടത്തിൽ കാര്യങ്ങൾ ചെയ്യാനാരംഭിച്ചു. അവർ കൂടുതൽ പിറുപിറുക്കാനും കുറ്റം കണ്ടു പിടിക്കാനും തുടങ്ങി. ദൈവം സുവിശേഷം പഠിപ്പിക്കാൻ നിയോഗിച്ചവരുടെ പ്രവർത്തനത്തെ പിന്നാക്കം വലിക്കുന്ന പുതിയ പദ്ധതികൾ മുന്നോട്ടു വയ്ക്കാനും തുനിഞ്ഞിറങ്ങി. തുടക്കം മുതൽ തന്നെ സഭയ്ക്ക് ഇത്തരം തടസ്സങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നു. അത് അന്ത്യം വരെയും തുടരും." - *എലൻ ജി. വൈറ്റ്, ദി ആക്റ്റ്സ് ഓഫ് ദി അപ്പോസൽസ്, പേജ് 196, 197.*

**ചർച്ച**

1. **അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ ഈയാഴ്ച കണ്ടതുപോലെ പ്രശ്നത്തിന്മേൽ തീരുമാനം എടുത്ത രീതിയിൽ നമ്മുടെ സഭയിൽ എന്ത് ചെയ്യാൻ സാധിക്കും? ഇവിടെ സഭ നേരിട്ട ഒരു പ്രശ്നം ദൈവശാസ്ത്രപരമായിരുന്നു. എന്നിരുന്നാലും സാംസ്ക്കാരിക, രാഷ്ട്രീയ, വംശീയ വിഷയങ്ങൾ ഐക്യത്തിനു ഭീഷണിയാകുമ്പോൾ ഈ തീരുമാനത്തിൽ നിന്നും എന്ത് പാഠം ഉൾക്കൊള്ളാനാകും? ഇതിൽ നിന്ന് എന്ത് പ്രധാന തത്വങ്ങൾ പഠിക്കാം?**
2. **എലൻ ജി. വൈറ്റിന്റെ ഉദ്ധരണി ഒന്നുകൂടി നോക്കൂ. ശുഭഫലം ഉണ്ടായിട്ടും പലരും തൃപ്തരല്ലായിരുന്നു. ഈ ദുഃഖകരമായ യാഥാർത്ഥ്യത്തിൽ നിന്ന് എന്ത് പാഠമാണ് ലഭിക്കുന്നത്?**

**സംഗ്രഹം:** ആദ്യകാല സഭ, നിലനിൽപ് തന്നെ ഇല്ലാതാകുന്ന തരത്തിൽ നിരവധി വിഷയങ്ങളിന്മേലുള്ള ഉൾപ്പോരുകളിലായിരുന്നു. എന്നാൽ പരിശുദ്ധാത്മ നടത്തിപ്പിലും തിരുവചന അനുസരണയിലും സഭ ഈ വിഷയങ്ങളെല്ലാം പരിഹരിച്ച് സഭൈക്യം നിലനിർത്തി.

****